താണ് വെള്ളയിൽ കടലോര പ്രദേശം. നിരന്തരമായ സംഘർഷമുണ്ടാകുന്ന പ്രദേശമാണ്. വർഗ്ഗീയ കലാപങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുള്ള ഒരു പ്രദേശമാണെന്ന് നേരത്തെ തന്നെ പോലീസിന് റിപ്പോർട്ട് ചെയ്തതാണ്. വളരെ വർഷങ്ങളായി ഗവൺമെന്റ് ഈ ഒരു നിർദ്ദേശം പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അടിയന്തിരമായി വെള്ളയിൽ കേന്ദ്രീകരിച്ചുകൊണ്ട്, ഒരു പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഒരു പ്രസ്താവനയുണ്ടായിരുന്നു, കടലോര പ്രദേശങ്ങളെ കേന്ദ്രീകരിച്ചുകൊണ്ട് കോസ്റ്റൽ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുമെന്ന്. അങ്ങനെയാണെങ്കിൽ കടലോരപ്രദേശമായ വെള്ളയിൽ കേന്ദ്രീകരിച്ചുകൊണ്ട് പുതിയതായി ഒരു പോലീസ് സ്റ്റേഷൻ തുടങ്ങുവാൻ നടപടി സ്വീകരിക്കണമെന്ന് വിനയപുരസ്സരം അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): ബഹുമാനപ്പെട്ട മെമ്പർ നൽകിയ നിവേദനത്തെക്കുറിച്ച് റിപ്പോർട്ട് നൽകാൻ ഡി.ജി.പി.-യോട് ആവശ്യപ്പെട്ടിരിക്കുകയാണ്. റിപ്പോർട്ട് കിട്ടിയതിന് ശേഷം ഇക്കാര്യത്തിൽ ഗവൺമെന്റ് തീരുമാനമെടുക്കുന്നതാണ്.

(3) കഥകളി വേഷത്തിനും ചുട്ടിക്കും അദ്ധ്യാപകരില്ലാത്ത അവസ്ഥ പരിഹരിക്കുന്നതിന് നടപടി

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: കേരളത്തിന്റെ തനത് കല എന്ന് അഭിമാനത്തോടുകൂടി നമ്മൾ പറയുന്ന കഥകളി ഇന്ന് നമുക്ക് നഷ്ടപ്പെടുന്ന ഒരു അവസ്ഥ വന്നിരിക്കുകയാണ്. അന്യ സംസ്ഥാനങ്ങളിലും അതുപോലെ ഇന്ത്യക്ക് പുറത്തും പേരുകേട്ട കഥകളി പഠിപ്പിക്കുന്ന കേരളത്തിലെ ഏക സർക്കാർ വിദ്യാലയമാണ് , വെള്ളിനേഴി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ. നാല് മുതൽ ഒമ്പത് വരെയുള്ള ക്ലാസ്സുകളിലാണ് കഥകളി പഠിപ്പിക്കുന്നത്. അവിടത്തെ കഥകളി അദ്ധ്യാപകൻ റിട്ടയർ ചെയ്തതിനുശേഷം രണ്ട് വർഷമായി മറ്റൊരു അദ്ധ്യാപകനെ നിയമിച്ചിട്ടില്ല. അതുമാത്രമല്ല അവിടെയുള്ള കഥകളി കോപ്പുകൾ വയനാട്ടിലെ ഒരു സ്വകാര്യ സ്ഥാപനത്തിന് കൈമാറുന്നതിന് വേണ്ടിയുള്ള ഗവൺമെന്റ് ഉത്തരവ് ആ വിദ്യാലയത്തിൽ എത്തിയിരിക്കുകയാണ്. ആ അവസ്ഥയിൽ അവിടെ കഥകളി കോപ്പ് കൈമാറാൻ അനുവദിക്കരുത്. അതോടൊപ്പം തന്നെ കഥകളി അദ്ധ്യാപകനെ അവിടെ നിയമിക്കണമെന്നും ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): വെള്ളിനേഴി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന് 1993-94 മുതൽ കഥകളി വേഷത്തിനും ചുട്ടിക്കുമുള്ള അദ്ധ്യാപക തസ്തിക അനുവദിച്ചിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ വളരെ പ്രധാനപ്പെട്ട ഒരു ഇനമാണ് കഥകളി. പത്ത് കൊല്ലം വേഷത്തിനും ചുട്ടിക്കുമുള്ള അദ്ധ്യാപക തസ്തികകൾ ഇല്ലാതായാൽ അക്കാര്യം പരിശോധിക്കേണ്ടതാണ്. അത് പരിശോധിക്കും.

LIBRARY ARCHIVES Kerala Legislative Assembly